(സി) ഈ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതു സംബന്ധിച്ച പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സിഡ്കോയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം

24 (3099) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സിഡ്കോയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം എത്രപേർക്ക് ഇതുവരെ വ്യവസായ സംരംഭങ്ങൾക്ക് വിലയ്ക്ക് നൽകിയിട്ടുണ്ട്;

(ബി) ഇവിടെ സ്ഥലവും കെട്ടിടവും വിലയ്ക്കു നൽകിയത് എത്ര പേർക്കാണ്;

(സി) ഇതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ഡി) പട്ടയം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) വില നൽകി വസ്തുവും കെട്ടിടവും സംരംഭകർക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിന് നടപടിയെടുക്കുവാൻ സിഡ്കോയോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) താൽക്കാലിക വിലയുടെ അടിസ്ഥാനത്തിൽ ഇരുപത്തിമൂന്നു പേർക്ക് സ്ഥലം മാത്രമായോ, കെട്ടിടത്തോടു കൂടിയോ നൽകിയിട്ടുണ്ട്.

(ബി) രണ്ടു പേർക്ക്.

(സി) ആർക്കും നൽകിയിട്ടില്ല.

(ഡി)&(ഇ) കൊല്ലകടവ് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പട്ടയം സിഡ്കോയ്ക്ക് ലഭിച്ചാലേ സംരംഭകർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണിക്കാനാവൂ.

വ്യവസായ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് തുക

25 (3100) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വ്യവസായ വകുപ്പ് മന്ത്രിയുടെ കീഴിലുള്ള ഓരോ വകുപ്പുകളിലും 1999-2000 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കായി വക കൊള്ളിച്ചിരിക്കുന്ന തുക എത്ര;

(ബി) ഇതിൽ ഓരോന്നിനും എന്തു തുക 2000 ഫെബ്രുവരി വരെ ചെലവാക്കി;

(സി) ഈ തുക മാർച്ച് 31-നകം ചെലവഴിക്കാൻ സാധിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ)&(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ പദ്ധതി ചെലവുകൾക്കായി 1,30,00.000 രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ 2000 ഫെബ്രുവരി 29 വരെ 46,07,731 രൂപ ചെലവായി.

കയർ വികസന വകുപ്പിന്, വിവിധ പദ്ധതികൾ നടപ്പിലാക്കാനായി കേന്ദ്ര സർക്കാരിന്റെയും എൻ.സി.ഡി.സി.യുടെയും സാമ്പത്തിക സഹായ പദ്ധതികളുൾപ്പെടെ 23.70 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 2000 ഫെബ്രുവരി വരെ 15.84 കോടി രൂപ ചെലവായി. വ്യവസായ വാണിജ്യ വകുപ്പ് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതികൾ ഉൾപ്പെടെ 40.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2000 ഫെബ്രുവരി വരെ 31.67 കോടി രൂപ ചെലവായി.

ഹാൻഡ്ലൂംസ് ആന്റ് ടെക്സ്റ്റൈൽസ് വകുപ്പിൽ കേന്ദ്ര സർക്കാരിന്റെയും, എൻ.സി.ഡി.സി.യുടേയും സാമ്പത്തിക സഹായ പദ്ധതികൾ ഉൾപ്പെടെ 33.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 8.17 കോടി രൂപ ചെലവായി.

(സി)-(ഡി) ചില പദ്ധതികൾക്ക് ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും അനുമതി ലഭിയ്ക്കാത്തതിനാലും ചില പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ തുടർച്ചാനുമതി ലഭിയ്ക്കാത്തതുകൊണ്ടും മുഴുവൻ തുകയും മാർച്ച് 31-നകം ചെലവഴിക്കാൻ സാധിക്കുകയില്ല.

ട്രാക്കോ കേബിൾ ഫാക്ടറി

26 (3101) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ ഫാക്ടറിയിൽ ഇപ്പോൾ എത്ര ആളുകൾ പണിയെടുക്കുന്നുണ്ട്;

(ബി) ഇവരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് നൽകുമോ;

(സി) ഈ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly